പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3072 23.03.2015 -ൽ മറുപടിക്ക്

## പൈതൃക നിർമ്മിതികൾ

ചോദ്യം

ശ്രീ. സി. ദിവാകരൻ :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അവശേഷിക്കുന്ന പൈതൃകനിർമ്മിതികളെ കണ്ടെത്തി സംരക്ഷിക്കുകയും വരും തലമുറകൾക്ക് കൈമാറുകയും ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ? | (എ) | പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന പൈതൃക ശേഷിപ്പുകൾ അവയുടെ സവിശേഷതകൾ, പഴക്കം എന്നിവ കണക്കിലെടുത്ത് 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിലെ നിബന്ധനകൾക്ക് വിധേയമായി സംരക്ഷിക്കുന്നു. പൈതൃക ശേഷിപ്പുകൾ കണ്ടെത്തുന്നതിനായി സർവ്വേയും പര്യവേഷണ ഉത്ഖനന പ്രവർത്തനങ്ങളും പുരാവസ്തു വകുപ്പ് നടത്തുന്നുണ്ട്. പൈതൃക നിർമ്മിതികളുടെ ഘടനാപരമായ സംരക്ഷണവും രാസസംരക്ഷണ പ്രവർത്തനങ്ങളും മനുഷ്യവിഭവശേഷിയുടെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ